# പാമല എൻ.എം.എൽ.പി.സ്കൂൾ

സ്ഥാപിതം: 1916

ഇ-മെയിൽ: pamalanmlps@gmail.com




## 'മികവിലേക്ക് ഞങ്ങളുടെ വിദ്യാലയം'

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

## ഉള്ളടക്കം

ആമുഖം

സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ, പരിമിതികൾ

കാഴ്ചപ്പാട്

ലക്ഷ്യങ്ങൾ

പ്രവർത്തനങ്ങൽ (ചുരുക്കത്തിൽ)

ക്ലാസ് ലൈബ്രറി

ജന്മദിന പുസ്തകം

പത്രക്വിസ്

വായനാമത്സരം

ദിനാചരണങ്ങൾ

അമ്മവായന

സമീപ ഗ്രന്ഥശാല അംഗത്വം

ഇംഗ്ലീഷ് പഠനം

ഗണിതം

പരിസരപഠനം

സസ്യസംരക്ഷണം

ടാലന്റ് ലാബ്

ഭിന്നശേഷിക്കാരെ പരിഗണിക്കൽ

പെൺകുട്ടികൾക്ക് പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ

കായിക പരിശീലനം

വ്യക്തിത്വ വികസന ശില്പശാലകൾ

കലാ വിദ്യാഭ്യാസം

ജൈവവൈവിധ്യം ഉദ്യാനം

അധ്യാപക വിദ്യാർത്ഥി രക്ഷകർത്തൃ സൗഹൃദ അന്തരീക്ഷം

കൃഷി

ഉപസംഹാരം

## ആമുഖം

കൊല്ലവർഷം 1091 ഇടവ മാസം ഒൻപതാം തീയതി എ.ഡി. 1916ൽ ഇ.എച്ച്. നോയലാൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. 1878 ഏപ്രിൽ 5ന് ഇംഗ്ലണ്ടിലെ ബത്തിൽ ജനിച്ച ഇ.എച്ച്. നോയൽ 9 വർഷത്തെ ന്യൂസിലൻഡിലെ ജോലിക്ക് ശേഷം സുവിശേഷവേലയ്ക്കായി ഇന്ത്യയിലേക്ക് വന്നു. ബ്രദർ മിഷനറിയായി നോയൽ സായിപ്പിന് സാധുജനങ്ങളെ ഉദ്ധരിക്കുക എന്നത് അദ്ദേഹത്തിന്റെ ജീവിതലക്ഷ്യമായിരുന്നു. വളർന്നുവരുന്ന തലമുറയ്ക്ക് വിദ്യാഭ്യാസവും ഈശ്വരബോധവും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെയാണ് സ്കൂളുകൾ സ്ഥാപിച്ചത്.

പാമല എൻ.എം.എൽ.പി. സ്കൂളിൽ ആദ്യ കാലങ്ങളിൽ അഞ്ച് ക്ലാസുകൾ ഉണ്ടായിരുന്നു. സമീപ പഞ്ചായത്തുകളായ കവിയൂർ, ആഞ്ഞിലിത്താനം, കുറ്റപ്പുഴ, കുന്നന്താം എന്നിവിടങ്ങളിൽനിന്നും ധാരാളം കുട്ടികൾ പഠിച്ചിരുന്നു. അഞ്ച് അധ്യാപകരും 300ലധികം വിദ്യാർത്ഥികലും അന്ന് അധ്യയനം നടത്തിയിരുന്നു. ചുറ്റുപാടും ധാരാളം ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വന്നതോടെ കുട്ടികളുടെ എണ്ണം കുറയാൻ തുടങ്ങി. ഇപ്പോൾ ഒന്നു മുതൽ നാലു വരെ ക്ലാസുകളും നേഴ്സറിയും പ്രവർത്തിക്കുന്നു. ഇവിടെ പഠിച്ച കുട്ടികൾ സമൂഹത്തിന്റെ നാനാ തുറകളിൽ പ്രശസ്തനിലയിൽ സേവനമനുഷ്ഠിക്കുന്നു. ശ്രീ. പി.ടി. പുന്നൂസ് പൂർവ്വ വിദ്യാർത്ഥിയാണ്.

2025-26 അധ്യായന വർഷത്തിൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ 23 കുട്ടികളും നേഴ്സറിയിൽ 10 കുട്ടികളും പഠിക്കുന്നു. ശ്രീമതി മോളിക്കുട്ടി പി. പ്രധാന അധ്യാപികയും സ്റ്റെഫി ജോസഫ്, ബിജിലിമോൾ ബിജു, ഷിജാമോൾ എ.എസ്. എന്നിവർ അധ്യാപകരായും അൻസൽന പി.എച്ച്. നേഴ്സറി അധ്യാപികയായും ജാനമ്മ പി.ബി. കുക്കായും പ്രവർത്തിക്കുന്നു.

### സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ, പരിമിതികൾ

- ഭൗതിക സാഹചര്യങ്ങളുടെ അഭാവം
- ക്ലാസ് മുറികൾ
- മേശ, അലമാര, കസേര
- പഠനോപകരണങ്ങളുടെ കുറവ്
- കുട്ടികൾക്ക് കളിക്കാനാവശ്യമായ ഉപകരണങ്ങൾ
- ആവശ്യമായ ഫണ്ട് ലഭിക്കാത്ത അവസ്ഥ

- സ്പെഷ്യൽ അധ്യാപകരുടെ അഭാവം (സംഗീതം, ചിത്രരചന, കായികം)
- അംഗീകാരമില്ലാത്ത ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വർദ്ധനവ്

**കാഴ്ചപ്പാട്**

മെച്ചപ്പെട്ട ഭൗതീക സാഹചര്യങ്ങളോടുകൂടിയ ഹൈ-ടെക് ക്ലാസ് മുറികൾ കുട്ടികലുടെ പഠനത്തെ കൂടുതൽ താല്പര്യമുളവാക്കും. ഓരോ ക്ലാസ് മുറികളിലും കുട്ടികൾക്ക് ആവശ്യമുള്ള മേശയും കസേരയും (ഒരു കുട്ടിക്ക് ഒന്ന് എന്ന നിലയിൽ), അലമാര-റാക്ക് കുട്ടികലുടെ പഠനസംബന്ധമായ റഫറൻസ് ഗ്രന്ഥങ്ങളും തുടർപ്രവർത്തനങ്ങൾക്കുള്ളവയും കുട്ടികളുടെ കണ്ടെത്തലുകൾ രേഖപ്പെടുത്തിയ ബുക്കുകൾ, എന്റെ ശേഖരണ പുസ്തകം എന്നിവ സൂക്ഷിക്കാന് ഇത് ഉപകരിക്കും.

കുട്ടികളുടെ കായികശേഷി വർദ്ധിക്കുന്നതിനാവശ്യമായ കളി ഉപകരണങ്ങൾ, കിഡ്സ് പാർക്ക് എന്നിവ കുട്ടികൽക്ക് കൂടുതൽ മാനസിക ഉല്ലാസം നൽകുകയും വരും വർഷങ്ങളിൽ കൂടുതൽ കുട്ടികളെ ആകർഷിക്കാൻ ഇത് സഹായകരമാകും.

സർക്കാരിൽനിന്നും സൗജന്യ വാഹനം ഏർപ്പെടുത്തുകയാണെങ്കിൽ കുട്ടികലെ സ്കൂളിൽ എത്തിക്കുന്നതിനും തിരികെ വീട്ടിൽ കൊണ്ടുപോകുന്നതിനും സഹായകരമാകും. പഞ്ചായത്തുതലത്തിൽനിന്നോ എംപ്ലോയ്മെന്റിൽനിന്നോ ഡ്രൈവർമാരെ നിയമിക്കുകയും ചെയ്യാം.

സംഗീതം, ചിത്രരചന, കായികം, ക്രാഫ്റ്റ് വർക്ക് എന്നിവയ്ക്ക് അധ്യാകരെ നിയമിക്കുന്നതുമൂലം കുട്ടികളെ പാഠ്യേതര കഴിവുകൾ വികസിപ്പിക്കാൻ സാധിക്കുകയും അതിലൂടെ കലാ-കായിക മേളകളിൽ പങ്കെടുക്കുന്നതിനും വിജയം കൈവരിക്കുന്നതിനും കഴിയും.

ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, എം.എൽ.എ., എം.പി. എന്നിവരിൽനിന്ന് സർക്കാർ സ്കൂളുകൾക്ക് നൽകുന്ന ഫണ്ടുകൾ, എയ്ഡഡ് സ്കൂളുകൾക്കും തുല്യമായി ലഭ്യമാക്കണം.

**ലക്ഷ്യങ്ങൾ**

എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തൽ.

വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കൽ

ഭാഷാവികാസം

| പ്രവർത്തനങ്ങൾ (ചുരുക്കത്തിൽ)-മലയാളം | | | |
|---|---|---|---|
| പ്രവർത്തനങ്ങൾ | സമയം | ഭൗതീകം | പിന്തുണ |
| ക്ലാസ് ലൈബ്രറി | 6 മാസം | ക്ലാസ് ലൈബ്രറി | ബി.ആർ.സി. |
| ജന്മദിന പുസ്തകം സ്കൂളിലൻ ഒരു പുസ്തകം | 1 വർഷം | | പി.ടി.എ. |
| പത്രവായന | 1 വർഷം | | അധ്യാപകർ |
| പത്ര ക്വിസ് | 1 വർഷം | | അധ്യാപകർ |
| ക്ലാസ് പത്രം | 1 വർഷം | | അധ്യാപകർ |
| വായനാമത്സരം | 6 മാസം | | പി.ടി.എ. അധ്യാപകർ |
| കവിയരങ്ങ് | | | |
| വായനാ കാർഡ് | | ആനുകാലിക പ്രസിദ്ധീകരണ ങ്ങൾ | |
| ക്ലാസ് പി.ടി.എ.യിൽ പുസ്തക പരിചയം | | | |
| സമീപ ഗ്രന്ഥശാല അംഗത്വം | 1 വർഷം | ഗ്രന്ഥശാല | |
| അമ്മ വായന | | സ്കൂൾ ലൈബ്രറി | |
| സാഹിത്യകാരന്മാരു മായുള്ള അഭിമുഖം | | | |
| വായനാസാമഗ്രികൾ വികസിപ്പിക്കൽ | | | |
| ബാലസഭ | | | |
| ചുമർപത്രിക | | | |
| രചയിതാക്കളെ പരിചയപ്പെടൽ | | | |

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന്

**പ്രവർത്തനങ്ങൾ - ഇംഗ്ലാഷ്**

| പ്രവർത്തനങ്ങൾ | സമയം | ഭൗതീകം | പിന്തുണ |
|---|---|---|---|
| ഇംഗ്ലീഷ് പത്രവായന | 1 വർഷം | | ഇംഗ്ലീഷ് ടീച്ചർ |
| ഇംഗ്ലീഷ് പുസ്തക വായന | 1 വർഷം | | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് മാഗസിൻ | | | |
| കഥകൾ, കവിതകൾ | | | |
| ഗെയിംസ് (ഐ.സി.ടി.) | | | |

**ക്ലാസ് ലൈബ്രറി**

**ലക്ഷ്യങ്ങൾ**

എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക, കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികൾ വളർത്തുക, ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക. വായനയിലൂടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താം.

**പ്രവർത്തനങ്ങൾ**

കുട്ടികളുടെ നിലവാരമനുസരിച്ചുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നു. 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ ക്ലാസ് ലൈബ്രറി ക്രമീകരിച്ച് ആഴ്ചയിൽ 3 ദിവസം കുട്ടികൾക്ക് വായിക്കാനുള്ള സൗകര്യം കൊടുക്കുന്നു. വായിക്കുന്ന പുസ്തകങ്ങളുടെ ഉള്ളടക്കം കുട്ടികൾ സ്വയം ക്ലാസിൽ എഴുതി അവതരിപ്പിക്കുന്നു.

പിന്തുണ-എസ്.എസ്.എ., എസ്.ആർ.ജി., പി.ടി.എ.

**ജന്മദിന പുസ്തകം**

എല്ലാ വിദ്യാർത്ഥികളുടെയും ജന്മദിനത്തിന് സ്കൂളിൽ ഒരു പുസ്തകം അസംബ്ലിയിൽ നൽകണം. ഓരോ മാസവും ആഘോഷിക്കേണ്ട ജന്മദിന കലണ്ടർ സ്കൂളിൽ തയ്യാറാക്കണം.

പിന്തുണ - പി.ടി.എ.

## പത്ര വായന

എല്ലാ ക്ലാസുകളിലേക്കും ഓരോ പത്രം നൽകുന്നു. വായനാമുറിയിലോ ക്ലാസ് മുറിയിലോ പത്രങ്ങൾ ക്ലിപ്പ് ചെയ്തിട്ട് കുട്ടികളെക്കൊണ്ട് നിത്യവും പത്രവായ നയും വിശകലനവും നടത്തുന്നു.

## പത്ര ക്വിസ്

പത്രവാർത്തകളെ അടിസ്ഥാനമാക്കി മത്സരം നടത്തുന്നു. ആഴ്ചയുടെ അവസാം എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ക്വിസ് നടത്തുന്നു.

പിന്തുണ - അധ്യാപകർ

## വായന മത്സരം

പത്രങ്ങൾ, മറ്റു ബാലമാസികകൾ, ശാസ്ത്രപുസ്തകങ്ങൾ എന്നിവ ഭാവം ഉൾക്കൊണ്ട് വായിക്കാൻ അവസരം കൊടുക്കുന്നു. വായനാ കാർഡുകൾ പ്രയോ ജനപ്പെടുത്തുന്നു.

പിന്തുണ - അധ്യാപകർ, പി.ടി.എ.

## അമ്മവായന

സ്കൂൾ ലൈബ്രറിയിൽനിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കുവാൻ അവസരം നൽകുന്നു. അമ്മമാർ വായനാക്കുറിപ്പ് തയ്യാറാക്കുന്നു. പി.ടി.എ. യോഗ ത്തിൽ അവതരിപ്പിക്കുന്നു. ഏറ്റവും മികച്ച വായനാകുറിപ്പിന് സമ്മാനം നൽകുന്നു.

പിന്തുണ - പി.ടി.എ. അധ്യാപകർ, എസ്.ആർ.ജി.

## സമീപ ഗ്രന്ഥശാല അംഗത്വം

കുട്ടികൾ ഗ്രന്ഥശാലയിൽനിന്നും അംഗത്വമെടുത്ത് വിവിധ പുസ്തകങ്ങൾ പരിചയപ്പെടുന്നു. പുസ്തകങ്ങളെക്കുറിച്ച് ഒരു അവലോകനം ക്ലാസിൽ അവതരി പ്പിക്കുന്നു. മികച്ച പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പി ക്കുന്നു.

പിന്തുണ- പി.ടി.എ. അധ്യാപകർ, എസ്.ആർ.ജി.

# ഇംഗ്ലീഷ് പഠനം

## ലക്ഷ്യം

എല്ലാ കുട്ടികൽക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കണം.

## പ്രവർത്തനങ്ങൾ

### ഇംഗ്ലീഷ് പുസ്തക വായന

ഓരോ ക്ലാസിലും കുട്ടികൾക്ക് അവരുടെ നിലവാരമനുസരിച്ചുള്ള പുസ്തകങ്ങൾ കൊടുക്കുന്നു. അർത്ഥം ഗ്രിഹിച്ച് വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

ചുമതല - ഇംഗ്ലീഷ് അധ്യാപകർ, ക്ലാസ് ടീച്ചർ, പി.ടി.എ.

ഇംഗ്ലീഷ് ഗെയിമുകൾ കമ്പ്യൂട്ടറിൽ ചെയ്യാൻ അവസരം കൊടുക്കുന്നു. ഇംഗ്ലീഷ് പഠനം ഇംഗ്ലീഷ് മാധ്യമത്തിൽക്കൂടി മാത്രം നടത്തുന്നു.

ഇംഗ്ലീഷിലുള്ള സ്കിറ്റ് അവതരണം, ചെറിയ പ്രസംഗങ്ങൾ, കഥ, കവിതകൾ എന്നിവ അവതരിപ്പിക്കുന്നു.

ചുമതല - ഇംഗ്ലീഷ് അധ്യാപകർ, ക്ലാസ് ടീച്ചർ

## ഗണിതം

### ലക്ഷ്യങ്ങൾ

ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക. ഗണിത ഭാഷ ഉപയോഗിക്കുവാൻ കുട്ടിക്ക് കഴിവുണ്ടാക്കുക.

### പ്രവർത്തനം

ക്ലാസ് പഠന പ്രവർത്തനങ്ങൾക്കു പുറമെ മറ്റ് ഗണിത പുസ്കങ്ങൾ കണ്ടെത്തുകയും അവ കുട്ടകൾക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു. ഗണിത കഥകൾ, പാട്ടുകൾ ഇവ അവതരിപ്പിക്കുന്നു.

ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. കണക്കിലെ വിവിധ കളികൾ കളിക്കുന്നു. വ്യത്യസ്ത അളവുകൾ പരിചയപ്പെടുന്നു. ചിത്ര പാറ്റേണുകൾ, ടാൽഗ്രം എന്നിവയിലൂടെ ജാമ്യതീയ രൂപങ്ങൾ ഉണ്ടാക്കുന്നു. പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. ഗണിതവുമായി ബന്ധപ്പെട്ട ഐ.ടി. പ്രവർത്തനങ്ങൾ ചെയ്യുന്നു.

ചുമതല - അധ്യാപകർ, പി.ടി.എ., എസ്.ആർ.ജി.

## പരിസരപഠനം

**ലക്ഷ്യങ്ങൾ**

പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാകുക, പ്രകൃതി വിഭവങ്ങളുടെയും സാംസ്കാരിക പൈതകൃകതതെയും പരിപോഷിപ്പിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക.

## പ്രവർത്തനങ്ങൾ

**സസ്യ സംരക്ഷണം**

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ വൃക്ഷതൈകൾ നടുന്നു. ഒരു കുട്ടി ഒരു മരം എന്ന രീതിയിലാണ് ഇത്. എല്ലാ ദിവസവും കുട്ടികൾ തങ്ങളുടെ വൃക്ഷതൈകൾ പരിപാലിച്ചു വളർത്തുന്നു. നിലവിലുള്ള സസ്യങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം അവയുടെ വിത്തുകൾ ശേഷരിച്ച് പാകി മുളപ്പിച്ച് തൈകൾ വിതരണം ചെയ്യുന്നു.

സസ്യങ്ങൾ നശിക്കാനിടയായ സാഹചര്യങ്ങൾ മനസ്സിലാക്കി അവ സമൂഹത്തെ ബോധ്യപ്പെടുത്തുന്നു.

ചുമതല - അധ്യാപകർ, പി.ടി.എ., എസ്.ആർ.ജി.

**ടാലന്റ് ലാബ്**

ഓരോ കുട്ടികളുടെയും കഴിവ് മനസ്സിലാക്കി പ്രോത്സാഹനം നൽകുന്നു. കുട്ടികളുടെ സർഗശേഷി കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടത്തുന്ന. ഓരോ കുട്ടിക്കും അവരുടെ കഴിവുകളിൽ പ്രോത്സാഹനം നൽകാനായി പ്രത്യേകം അധ്യാപകരുടെ സഹായം തേടുന്നു.

ചുമതല - ബി.ആർ.സി., അധ്യാപകർ

## ഭിന്നസേഷിക്കാരെ പരിഗണിക്കൽ

**ലക്ഷ്യങ്ങൾ**

ഭിന്നശേഷി വിദ്യാർതഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക. അവരുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക. പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കുക. അവസരവും പങ്കാളിത്തവും ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ**

രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തുന്നു. ആധുനിക രീതിയിലുള്ള പഠന സാമഗ്രികൾ, ഡിസ്പ്ലെ ബോർഡുകൾ, സ്റ്റാൻഡിംഗ്പാടുകൾ എന്നിവയിലൂടെ കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നു.

കുട്ടികളുടെ താല്പര്യം മനസ്സിലാക്കി അവയ്ക്ക് പ്രോത്സാഹനം നൽകുന്നു.

ഉദാ - ചിത്രംവര, ഡാൻസ്...

പിന്തുണ - വിവിധ ഏജൻസികളുടെ സഹായം തേടുന്നു.

ചുമതല - ഐ.ഇ.ഡി.സി. അധ്യാപകർ, ബി.ആർ.സി. അധ്യാപകർ.

പെൺകുട്ടികൾക്ക് പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ

**ലക്ഷ്യങ്ങൾ**

സമൂഹത്തിൽ പെൺകുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചം അറിവ് നൽകുക.

പെൺകുട്ടികളെ സ്വയംപര്യാപ്തതയിൽ എത്തിക്കുക.

**പ്രവർത്തനങ്ങൾ**

മദർ പി.ടി.എ. സംഘടിപ്പിക്കുന്നു. പെൺകുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു.

അമ്മമാരോടും അധ്യാപികമാരോടും എല്ലാ കാര്യങ്ങളും തുറന്നു സംസാരിക്കാൻ പെൺകുട്ടികൾക്ക് അവസരം നൽകുന്നു.

ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. സമൂഹത്തിൽ വെല്ലുവിളികൾ നേരിട്ട് വിജയം കൈവരിച്ച സ്ത്രീകളുടെ / പെൺകുട്ടികളുടെ ജീവിത കഥ കുട്ടികളെ പഠിപ്പിക്കുന്നു.

ശാരീരിക മാനസിക പ്രശ്നങ്ങളെ ധൈര്യമായി നേരിടാൻ പെൺകുട്ടികളെ പ്രാപ്തരാക്കുന്നു.

ചുമതല - എം.പി.ടി.എ., ബി.ആർ.സി. അധ്യാപകർ, എസ്.ആർ.ജി.

**കായിക പരിശീലനം**

കുട്ടികളിലെ ആരോഗ്യപരവും മാനസികപരവുമായ പുരോഗതിക്ക് കായിക പരിശീലനം ആവശ്യമാണ്.

**പ്രവർത്തനം**

അസംബ്ലിയിൽ എല്ലാ ദിവസവും കുട്ടികളെ വ്യായാമം ചെയ്യുക. ആഴ്ചയിൽ മൂന്നു പീരിയഡ് കായിക പരിശീലനം കൊടുക്കുക.

ചുമതല - അധ്യാപകർ, ബി.ആർ.സി. അധ്യാപകർ

വ്യക്തിത്വ വികസന ശില്പശാലകൾ

ലക്ഷ്യങ്ങൾ

ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി പ്രോത്സാഹനം കൊടുക്ണം. തന്റെ കഴിവുകൾ മറ്റുള്ളവർക്കുംകൂടി പ്രയോജനം ചെയ്യാൻ കുട്ടിയെ പ്രാപ്തരാക്കണം. സമൂഹത്തിന്റെ മുൻനിരയിലേക്ക് കുട്ടിയെ ഉയർത്തിക്കൊണ്ടുവരണം.

**പ്രവർത്തനം**

ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.

മഹാന്മാരുടെ ജീവിത കഥകൾ പഠിപ്പിക്കുന്നു. ഓരോ കുട്ടിക്കുമുള്ള കഴിവുകൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു.

ചുമതല - അധ്യാപകർ, ബി.ആർ.സി. അധ്യാപകർ

## കലാ വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

കുട്ടികളിലെ വിവിധ തരത്തിലുള്ള കലാപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുന്നു.

**പ്രവർത്തനങ്ങൾ**

ആഴ്ചയിൽ ഒരു പീരിയഡ് സംഗീത ക്ലാസ് നടത്തുന്നു.

വിവിധ ചിത്രകലാ സമ്പ്രദായങ്ങൾ, ചിത്രകാരന്മാർ, പെയിന്റിംഗുകൾ, ഹൃസ്വ ചിത്രങ്ങൾ ഇവ പ്രദർശിപ്പിക്കുന്നു.

കഥാ മത്സരം, കവിതാമത്സരം എന്നിവ സംഘടിപ്പിക്കുന്നു.

കുട്ടികൾ വരച്ച ചിത്രങ്ങൾ സമൂഹവുമായി പങ്കിടുന്നതിന് ചിത്രപ്രദർശനം സംഘടിപ്പിക്കുന്നു.

പ്രസംഗ മത്സരം നടത്തുന്നു.

കലകളുമായി ബന്ധപ്പെട്ട് ഐ.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

ചുമതല - ബി.ആർ.സി. അധ്യാപകർ, പി.ടി.എ., എസ്.ആർ.ജി.

## ജൈവവൈവിധ്യ ഉദ്യാനം

### ലക്ഷ്യങ്ങൾ

പ്രകൃതയിലേക്ക് കുട്ടികലെ അടുപ്പിക്കാൻ

### പ്രവർത്തനം

പി.ടി.എ.യുടെ സഹകരണത്തോടെ നിലം വൃത്തിയാക്കുന്നു. ഒരു കുട്ടി ഒരു ചെടി വീതം കൊണ്ടുവരുന്നു. കുട്ടികൾതന്നെ ചെടി നട്ട് എന്നും വെള്ളമൊഴിച്ച് പരിപാലിക്കുന്നു.

ചുമതല - പി.ടി.എ., അധ്യാപകർ

### കൃഷി

അധ്യാപകരും, രക്ഷകർത്താക്കളും, കുട്ടികളും ഒന്നിച്ച് സ്കൂളിലേക്കാവശ്യമായ കൃഷി ചെയ്യുക.

അധ്യാപക - വിദ്യാർത്ഥി രക്ഷകർത്തൃ സൗഹൃദ അന്തരീക്ഷം

### ലക്ഷ്യം

അധ്യാപകരും രക്ഷകർത്താക്കളും വിദ്യാർത്ഥികളും ഒന്നിച്ച് ചേരുമ്പോഴാണ് ഒരു കുട്ടിയുടെ പൂർണ്ണ വികാസം സാധ്യമാകുന്നത്.

### പ്രവർത്തനം

അദ്യാപകർ കുട്ടികളുടെ വീടുകളിൽ എത്തി ഭൗതീകപരമായ ചുറ്റുപാടുകൾ മനസ്സിലാക്കുന്നു. രക്ഷകർത്താക്കളുടെ ജീവിതനിലവാരവും കുട്ടികൾക്ക് വീടുകളിൽ പഠിക്കാൻ വേണ്ട സൗകര്യവും മനസ്സിലാക്കുന്നു. രക്ഷകർത്താക്കളെ ബോധവൽക്കരിക്കുന്നു. ആവശ്യമുള്ള കുട്ടികൾക്ക് സഹായം നൽകുന്നു. എല്ലാ മാസവും പി.ടി.എ. യോഗം വിളിച്ച് രക്ഷകർത്താക്കളുമായി കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.

കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ അധ്യാപകരുമായും രക്ഷകർത്താക്കളുമായും ചർച്ച ചെയ്യാൻ അവസരം നൽകുന്നു. അങ്ങനെ കുട്ടിയുടെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നു.

ചുമതല - അധ്യാപകർ, പി.ടി.എ., എസ്.ആർ.ജി.

## ഉപസംഹാരം

രണ്ടായിരത്തി ഇരുപത്തിയെട്ടോടുകൂടി പാമല എൻ.എം.എൽ.പി. സ്കൂളിനെ പായിപ്പാട് പഞ്ചായത്തിലെ മികച്ച വിദ്യാലയമാക്കി മാറ്റാൻ കഴിയും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പരിമിതികളെ അതിജീവിച്ച് 100 വർഷത്തിലേറെ കാലം നില നിൽക്കാൻ പാമല എൻ.എം.എൽ.പി. സ്കൂളിന് സാധിച്ചു. സമൂഹത്തിന്റെ പിന്തു ണയും നാട്ടുകാരുടെ സഹകരണത്തോടെയും സ്കൂളിനെ കൂടുതൽ പുരോഗതി യിലേക്ക് നയിക്കാൻ കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

മികച്ച വിദ്യാർത്ഥികളെ ഇനിയും വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് വേണ്ട സംരക്ഷണം ആവുന്ന വിധത്തിൽ നമുക്ക് നൽകാം എന്ന പ്രാർത്ഥനയോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

സ്കൂൾ ഹെഡ്മിസ്ട്രസ്

**മോളിക്കുട്ടി പി.**